(സി) ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ ബ്ലോക്കുപഞ്ചായത്തിലും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാടിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ചികിത്സാ സംവിധാനം ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലുമായി 154 ആശുപത്രികളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി സ.ഉ. (സാ.ധാ.) നമ്പർ 1669/2014/ ആ.ക.വ. തീയതി 26-5-2014 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**വീട്ടിൽവന്ന് ചികിത്സിക്കുന്നതിനുള്ള സംവിധാനം**

**9 (8069)** ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വൃദ്ധജനങ്ങളെയും ശയ്യാവലംബരായ രോഗികളെയും അവരുടെ വീട്ടിലെത്തി വൈദ്യപരിശോധന നടത്തുന്നതിനും ചികിത്സിക്കുന്നതിനും ഇപ്പോൾ സർക്കാർ സംവിധാനങ്ങളുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് അനുകൂല തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി നടപ്പിലാക്കിവരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ ശയ്യാവലംബരായ രോഗികളെയും വൃദ്ധജനങ്ങളെയും ഭവന സന്ദർശനത്തിലൂടെ ചികിത്സയും മറ്റ് അവശ്യ വൈദ്യസഹായങ്ങളും നൽകിവരുന്നു. ഇന്ന് സംസ്ഥാനത്ത് തൊള്ളായിരത്തിലേറെ ഗ്രാമപഞ്ചായത്തുകളിൽ ഇത് നിലവിലുള്ളതും സർക്കാർ ഉത്തരവ് പ്രകാരം മറ്റ് പഞ്ചായത്തുകളിൽ പ്രവർത്തനക്ഷമമാവുകയും ചെയ്തു.

പ്രാഥമിക ആരോഗ്യ സാമൂഹ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈ യൂണിറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പുവഴി തെരഞ്ഞെടുക്കപ്പെടുന്ന പാലിയേറ്റീവ് കെയർ നഴ്സും ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാരും സംയുക്തമായാണ് ഈ സേവനം നൽകിവരുന്നത്. താലൂക്ക്/ജില്ലാ ആശുപത്രി കളിലും സെക്കന്ററി കെയറിനോടൊപ്പം ഭവന സന്ദർശനമുൾപ്പെടുന്ന പ്രൈമറി കെയർ സേവനങ്ങൾ നൽകിവരുന്നു. സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഈ സേവനം ലഭ്യമാവുന്നതോടെ കേരളം സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംവിധാനമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമായി മാറുന്നതാണ്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly